بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 17.01.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)യുടെ ബദരീ സ്വഹാബി ഹദ്റത്ത് സഅദുബ്നു ഉബാദ(റ)ന്റെ വിശ്വാസ വർധക സംഭവങ്ങളുടെ ഹൃദയഹാരിയായ വിവരണം.

أَشۡهَدُ أَنۡ لَّآ إِلٰهَ إِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَأَشۡهَدُ أَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

أَمَّا بَعۡدُ فَأَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۔ اَلرَّحۡمٰنِ الرَّحِيۡمِ ۔ مٰلِكِ يَوۡمِ الدِّيۡنِ ۔ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۔ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۔

ഹദ്റത്ത് സഅദ് ബിൻ ഉബാദയെ കുറിച്ചുള്ള വിവരണം കഴിഞ്ഞ കുറച്ചു ഖുത്ബകളിൽ നടന്നുവരികയായിരുന്നു. ഇന്ന് ഞാൻ അതിന്റെ അവസാന ഭാഗം വിവരിക്കുന്നതാണ്. നബി(സ) തിരുമേനിയുടെ വഫാത്തിനു ശേഷം അൻസാർ അവരിൽനിന്നു തന്നെ ഒരു ഖലീഫയെ തിരഞ്ഞെടുക്കാൻ ആഗ്രഹിച്ചിരുന്നു. അതിൽ ഇദ്ദേഹത്തിന്റെ (ഹദ്റത്ത് സഅദിന്റെ) പേര് പ്രത്യേകമായി പരാമർശിക്കപ്പെട്ടിരുന്നു. അദ്ദേഹം സമൂഹത്തിലെ നേതാവായിരുന്നു. ഹദ്റത്ത് അബൂബക്കറിനെ ഖലീഫയായി തിരഞ്ഞെടുത്തപ്പോൾ ഇദ്ദേഹത്തിന് ചില അഭിപ്രായഭിന്നതകൾ ഉണ്ടായി. അതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വലിയ വിശദമായ നിലയിൽ വെളിച്ചം വീശിയിട്ടുണ്ട്. അതോടൊപ്പം ഖിലാഫത്തിന്റെ സ്ഥാന മാഹാത്മ്യവും വിവരിച്ചിരുന്നു. അതുകൊണ്ടു ഞാൻ ആ വിവരണത്തിനു വലിയ പ്രധാന്യമുണ്ടെന്നു മനസ്സിലാക്കുന്നു. നീണ്ട സമയവും അതിന് ആവശ്യമാണ്. അതിനു മുന്നോടിയായി ഒരു ചരിത്ര സംഭവവും സമർപ്പിക്കുന്നതാണ്.

മുസനദ് അഹ്മദ് ബിൻ ഹംബലിലെ ഹദീസിൽ ഹമീദ് ബിൻ അബ്ദുറഹ്മാൻ പറയുന്നു: റസൂലുല്ലാഹ്(സ) തിരുമേനിയുടെ വഫാത്തിന്റെ സമയത്ത്, ഹദ്റത്ത് അബൂബക്കർ മദീനയുടെ അതിർത്തി പ്രദേശത്തായിരുന്നു. മദീനയിൽ എത്തിയശേഷം അദ്ദേഹം ഹദ്റത്ത് ഉമറിനോടൊപ്പം സഖീഫ ബനൂ സാഅദയുടെ ഭാഗത്തേക്കു പുറപ്പെട്ടു. അവിടെ എത്തിയ ഹദ്റത്ത് അബൂബക്കർ, സംസാരം ആരംഭിച്ചു. അദ്ദേഹം ഖുർആനിൽനിന്നും ഹദീസിൽനിന്നും അൻസാറുകളുടെ മഹിമ വിവരിച്ചു. പിന്നീട് ഹദ്റത്ത് സഅദിനെ അഭിമുഖീകരിച്ചുകൊണ്ടു പറഞ്ഞു: അല്ലയോ സഅദ്! നിങ്ങൾ ഇരിക്കുന്ന ഒരു സന്ദർഭത്തിൽ റസൂലുല്ലാഹ്(സ) ഖിലാഫത്തിന്റെ അവകാശികൾ ഖുറൈശികളാണെന്ന് പറഞ്ഞത് നിങ്ങൾക്ക് അറിവുള്ള കാര്യമാണ്. അപ്പോൾ ഹദ്റത്ത് സഅദ് പറഞ്ഞു: താങ്കൾ സത്യമാണ് പറയുന്നത്. ഞങ്ങൾ മന്ത്രിമാരും നിങ്ങൾ ഭരണകർത്താക്കളുമാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: തബ്ഖാത്തുൽ കുബ്റയിൽ എഴുതിയിരിക്കുന്നു, നബി കരീം(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കർ, തനിക്ക് ബൈഅത്ത് ചെയ്യുന്നതിനായി ഹദ്റത്ത് സഅദ് ബിൻ ഉബാദയ്ക്കു സന്ദേശം അയച്ചു. കരാണം ആളുകളെല്ലാം ബൈഅത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സമൂഹവും ബൈഅത്ത് ചെയ്തിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! എന്റെ ആവനാഴിയിലുള്ള എല്ലാ അമ്പുകളും ഞാൻ പ്രയോഗിക്കുന്ന ആ സമയം വരെ ഞാൻ ബൈഅത്ത് ചെയ്യുകയില്ല. അതായത് അദ്ദേഹം വിസമ്മതിച്ചു. ഹദ്റത്ത് അബൂബക്കറിന് ഈ വിവരം ലഭിച്ചപ്പോൾ, ബശീർ ബിൻ സഅദ് പറഞ്ഞു: അല്ലയോ ഖലീഫത്തുറസ്സൂൽ അദ്ദേഹം നിഷേധിച്ചിരിക്കുകയാണ്. ഇനി അദ്ദേഹത്തെ വധിച്ചാലും ശരി, അദ്ദേഹം താങ്കളിൽ ബൈഅത്ത് ചെയ്യുകയില്ല. അതുകൊണ്ട് അങ്ങ് അദ്ദേഹത്തിന്റെ കാര്യത്തിൽ ധൃതികാണിക്കരുത്. അദ്ദേഹം താങ്കൾക്ക് യാതൊരു നഷ്ടവും വരുത്തിവെക്കുകയില്ല. അദ്ദേഹത്തിന്റെ സമൂഹത്തിലെ അധികപേരും ബൈഅത്ത് ചെയ്തു കഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ബശീറിന്റെ ഈ നിർദേശം സ്വീകരിച്ചുകൊണ്ട് ഹദ്റത്ത് സഅദിനെ വെറുതെവിട്ടു. പിന്നീട് ഹദ്റത്ത് ഉമർ ഖലീഫയായി. ഒരിക്കൽ മദീനയുടെ തെരുവിൽവെച്ച് അദ്ദേഹം ഹദ്റത്ത് സഅദുമായി കണ്ടുമുട്ടി. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: നിങ്ങൾ മുമ്പ് ഉള്ളതുപോലെ തന്നെയാണോ ഇപ്പോഴും? സഅദ് പറഞ്ഞു: അതെ. ഞാൻ അങ്ങനെ തന്നെയാണ്. ശേഷം അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ താങ്കളുടെ കൂട്ടാളി അതായത് ഹദ്റത്ത് അബൂബക്കർ(റ) നമുക്ക് താങ്കളെക്കാൾ പ്രിയങ്കരനായിരുന്നു. അതിനുശേഷം ഹദ്റത്ത് സഅദ് സിറിയയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് സഅദിനെ സംബന്ധിച്ച് അദ്ദേഹം ഹദ്റത്ത് അബൂബക്കറിൽ ബൈഅത്ത് ചെയ്തിരുന്നു എന്നും പരാമർശമുണ്ട്. എപ്രകാരമെന്നാൽ തിബ്രിയുടെ ചരിത്ര ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു, واتبع القوم على البيعة وبايع سعد എല്ലാ സമൂഹങ്ങളും ഹദ്റത്ത് അബൂബക്കറിനെ മാറിമാറി ബൈഅത്ത് ചെയ്തു. അങ്ങനെ ഹദ്റത്ത് സഅദും ബൈഅത്ത് ചെയ്തു.

ഹുസൂർ തിരുമനസ്സ് വിവരിക്കുന്നു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: റസൂലുല്ലാഹ്(സ) തിരുമേനിയുടെ വഫാത്തിനു ശേഷം സഹാബത്തിൽ ഖിലാഫത്തിനെ സംബന്ധിച്ച് അഭിപ്രായഭിന്നത ഉടലെടുത്തു. അൻസാർ

വിചാരിച്ചിരുന്നത്, ഖിലാഫത്ത് അവരുടെ അവകാശമാണെന്നാണ്. ബനൂ ഹാശിം ചിന്തിച്ചത്, ഖിലാഫത്ത് അവരുടെ അവകാശമാണെന്നാണ്. മുഹാജിറുകൾ പൊതുവെ ആഗ്രഹിച്ചത്, ഖലീഫ ഖുറൈശികളിൽനിന്ന് ആയിരിക്കണമെന്നാണ്. എന്നാൽ അവർ പ്രത്യേകമായി ഏതെങ്കിലും ഒരു വ്യക്തിയെ എടുത്തു പറഞ്ഞിരുന്നില്ല. മറിച്ച് ഒരു നിശ്ചയിക്കപ്പെട്ട തിരഞ്ഞെടുപ്പിനായി വിട്ടുനൽകാൻ ആഗ്രഹിച്ചു. അങ്ങനെ അവർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അൻസാറും ബനൂ ഹാശിമും അവരോടു യോജിച്ചു. എന്നാൽ ഒരു സഹാബിക്ക് ഈ കാര്യം മനസിലായില്ല. അത് ഒരു അൻസാരി സഹാബിയായിരുന്നു. അദ്ദേഹത്തെ അൻസാർ അവരുടെ ഖലീഫയാക്കാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ അബൂബക്കറിനെ ബൈഅത്ത് ചെയ്യാൻ ഒരുക്കമല്ല. ഹദ്റത്ത് ഉമർ ആ സന്ദർഭത്തിൽ പറഞ്ഞ വാക്ക് ഇതാണ്: أُقتلوا سعد (ഉഖ്ത്തുലൂ സഅദ്) അതായത് സഅദിനെ വധിക്കുക. എന്നാൽ അദ്ദേഹം സ്വയം ഇദ്ദേഹത്തെ വധിക്കുകയോ മറ്റാരെങ്കിലും വധിക്കുവാൻ മുതിരുകയോ ചെയ്തില്ല. ചില ഭാഷാപണ്ഡിതൻമാർ പറയുന്നു: ഹദ്റത്ത് ഉമർ ഉദ്ദേശിച്ചത്, സഅദുമായി ബന്ധം വിച്ഛേദിക്കുകയെന്നാണ്. കാരണം ഖതൽ എന്നതിന്റെ വ്യഖ്യാനം ബന്ധം വിച്ഛേദിക്കുക, സമൂഹത്തിൽ നിന്ന് വിട്ടുനില്ക്കുകയെന്നും ആകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് സഅദ്, ഹദ്റത്ത് ഉമറിന്റെ കാലഘട്ടം വരെ ജീവിച്ചിരുന്നു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സിറിയയിൽവെച്ചു വഫാത്തായി. അദ്ദേഹത്തെ ആരും വധിച്ചില്ല. ഇനി ഖതല് എന്നതിനു പ്രത്യക്ഷ നിലയിലുള്ള വധമായിരുന്നുവെങ്കിൽ ഹദ്റത്ത് ഉമർ(റ) വളരെ ആവേശമുൾക്കൊള്ളുന്ന വ്യക്തിയായിരുന്നിട്ടുകൂടി എന്തുകൊണ്ട് ഇദ്ദേഹത്തെ വധിച്ചില്ല. സ്വപ്നത്തിൽ ആരെങ്കിലും വധിക്കുന്നതായി കണ്ടാൽ അതിന്റെ വ്യഖ്യാനം ബന്ധം വിച്ഛേദിക്കുക അല്ലെങ്കിൽ പന്തിവിരോധം എന്നുമുണ്ട്. എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എന്നോട് ഒരു സുഹൃത്ത് വിവരിക്കുകയുണ്ടായി, ഒരു വ്യക്തി ഈ ഖുത്ബ കഴിഞ്ഞതിനുശേഷം പറഞ്ഞു, സഅദ് ബൈഅത്ത് ചെയ്തിരുന്നില്ലായെങ്കിലും കൂടിയാലോചനകളിൽ അദ്ദേഹത്തേയും നിർബന്ധമായും പങ്കെടുപ്പിച്ചിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: അദ്ദേഹം പറഞ്ഞ ഈ കാര്യം, രണ്ട് അർഥങ്ങൾ ഉൾക്കൊള്ളുന്നു. അയാൾ എന്റെ വ്യാഖ്യാനത്തെ എതിർത്തു, അല്ലെങ്കിൽ അത്തരം ഒരു സംഭവം ഉണ്ടായിട്ടില്ല. അതല്ലെങ്കിൽ ഖിലാഫത്തിനോട് ബൈഅത്ത് ചെയ്യാതിരിക്കൽ വലിയ പാപമല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സഹാബാക്കളുടെ അവസ്ഥ വിവരിക്കുന്ന ഇസ്‌ലാമിക ചരിത്രത്തിലെ മൂന്ന് ഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്. തഹ്ദീബുത്തഹ്ദീബ്, (تهذيب التهذيب) അസാബ, (اصابہ) അസദുൽ ഗാബ. (اسد الغابۃ) ഈ മൂന്ന് ഗ്രന്ഥങ്ങളിലെ ഒരോന്നിലും എഴുതിയിരിക്കുന്നത്, സഅദ് മറ്റു സഹാബിമാരെ വിട്ടുകൊണ്ട് സിറിയയിലേക്കു പോയി അവിടെ വഫാത്തായി എന്നാണ്. അദ്ദേഹം പറയുന്നു: സഹാബാക്കളിൽ 60, 70 പേരുടെ പേരുകൾ സഅദ് എന്നാണ്. അതിൽ ഒരാൾ സഅദ് ബിൻ അബി വഖാസ് ആണ്, അദ്ദേഹം അശറ മുബശ്ശിറയിൽ ഉൾപ്പെടുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത്, (അഭിപ്രായം പറഞ്ഞ വ്യക്തി) തന്റെ പരിമിതമായ അറിവിൽ നിന്നുകൊണ്ട് സഅദ് എന്ന പേരുകേട്ട് ഈ സഅദ് ആണ് മറ്റെ സഅദെന്ന് ധരിച്ച് ഉടൻ തന്നെ എന്റെ ഖുത്ബയെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി എന്നാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ മനുഷ്യന്റെ അറിവിനെ വർധിപ്പിക്കുന്ന ഒന്നല്ല. മറിച്ച് മറഞ്ഞിരിക്കുന്ന അജ്ഞത വെളിപ്പെടുത്തുന്നതാണ്.

പിന്നീട് അദ്ദേഹം പറയുന്നു: ഖിലാഫത്തിൽനിന്ന് അകന്നു നില്ക്കുന്നത് മനുഷ്യനെ ഒരന്തസ്സിനും അർഹനാക്കുകയില്ലയെന്നതാണ് വസ്തുത. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: ഖലീഫയുടെ ആദ്യ ശത്രു ആരാണെന്നു നിങ്ങൾക്ക് അറിയുമോ? എന്നിട്ട് അദ്ദേഹം തന്നെ പറയുന്നു: വിശുദ്ധ ഖുർആൻ വായിക്കുക. നിങ്ങൾക്കു മനസിലാകുന്നതാണ്. അദ്ദേഹത്തിന്റെ ശത്രു ഇബ്‌ലീസ് ആയിരുന്നു. അതിനുശേഷം അദ്ദേഹം പറയുന്നു: ഞാനും ഖലീഫയാണ്. എന്റെ ശത്രുവായിട്ടുള്ളവരും ഇബ്‌ലീസ് ആകുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഖലീഫ ദൈവനിയുക്തനല്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ദൈവനിയുക്തനായിരിക്കണമെന്ന കാര്യത്തിൽ നിർബന്ധവുമില്ല. ഹദ്റത്ത് ആദം ദൈവനിയുക്തനും ഖലീഫയും ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവനിയുക്തനും ഖലീഫയും ആയിരുന്നു. എല്ലാ മനുഷ്യരും ഖലീഫയാകുന്ന പ്രകാരം പ്രവാചകൻമാരും ഖലീഫയാണ്. എന്നാൽ മറ്റു പ്രകാരത്തിലുള്ള ഖലീഫമാർ ദൈവനിയുക്തരായിരിക്കില്ല. അനുസരണത്തിന്റെ കാര്യത്തിൽ അവരും പ്രവാചകൻമാരും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കില്ല താനും. അനുസരണം പ്രവാചകനോട് നിർബന്ധമായിരിക്കുന്ന പ്രകാരം ഖലീഫാമാരോടും നിർബന്ധമാണ്. എന്നാൽ ഈ രണ്ട് അനുസരണത്തിനും നേരിയ വ്യത്യാസവും ഭാവമാറ്റവും ഉണ്ടായിരിക്കും. അതായത്, നബിയോടുള്ള അനുസരണം, അദ്ദേഹം ദൈവിക വെളിപാടിന്റെയും പരിശുദ്ധതയുടെയും കേന്ദ്രമായതിനാലാണ് അനുവർത്തിക്കപ്പെടുന്നത്. എന്നാൽ ഖലീഫയോടുള്ള അനുസരണം പുലർത്തുന്നത്, അദ്ദേഹം ദൈവിക വെളിപാടിനെ നടപ്പാക്കുകയും എല്ലാ സംവിധാനങ്ങളുടെ കേന്ദ്രവുമായതിനാലാണ്. അതായത് ഏതൊരു വെളിപാടാണ് നബിയിൽ അവതരിക്കുന്നത് അതിനെ നടപ്പാക്കുന്നതും നബി സ്ഥാപിക്കുന്ന സംവിധാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതുമായ കേന്ദ്രമാണ് ഖലീഫ. അതിനാൽ വിവരവും വിവേകവുമുള്ള ആളുകൾ പറയുന്നത്: പ്രവചകൻമാർക്ക് അസ്മത്തെ കുബ്റയും ഖലീഫാമാർക്ക് അസ്മത്തെ സുഗ്റയും ലഭിച്ചിരിക്കുന്നു. ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: നിങ്ങൾക്ക് എന്റെ വ്യക്തിത്വത്തിലുള്ള

കുറവ് എടുത്തു കാട്ടി, അല്ലാഹു നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന എന്നോടുള്ള അനുസരണത്തിൽനിന്നു പുറത്തുപോകാൻ സാധിക്കുകയില്ല. കാരണം ഏതൊരു കർത്തവ്യത്തിനുവേണ്ടിയാണോ ഞാൻ എഴുന്നേറ്റു നില്ക്കുന്നത്, അതു മറ്റൊന്നാണ്. അതു സംവിധാനത്തിന്റെ ഐക്യമാണ്. അതുകൊണ്ട് എന്നെ അനുസരിക്കുകയെന്നത് നിർബന്ധവും പ്രാധാന്യം അർഹിക്കുന്ന ഒന്നുമാണ്. പറയുന്നു: പ്രവാചകൻമാരുടെ മുഴുവൻ കർമങ്ങളുംഅല്ലാഹുവിന്റെ സംരക്ഷണ വലയത്തിലായിരിക്കുന്നതുപോലെ തന്നെ ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ഖലീഫമാർ ചെയ്യുന്ന, അവരുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കുമെന്നതാണ് അവരെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ സുന്നത്ത്. ഒരിക്കലും അവരിൽ നിന്ന് ജമാഅത്തിന് മോശമായി ഭവിക്കുന്നതോ ഇസ്‌ലാമിന്റെ വിജയത്തെ പരാജയമാക്കി മാറ്റുന്നതോ ആയ കർമങ്ങൾ ഉണ്ടാകുകയോ അതിൽ അവർ നിലനിൽക്കുകയോ ചെയ്യുകയില്ല. ഇനി അങ്ങനെ തെറ്റ് സംഭവിച്ചു പോയാൽതന്നെ അല്ലാഹു അവരെ നേർവഴിലേക്ക് കൊണ്ടുവരുന്നതിനുള്ള ചുമതല സ്വയം ഏറ്റെടുത്തിരിക്കുന്നു. യഥാർഥത്തിൽ സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഖലീഫമാരുടെ കർമങ്ങൾക്ക് ഉത്തരവാദി അവർ സ്വയമല്ല. മറിച്ച് അല്ലാഹുവാകുന്നു. അതുകൊണ്ടാണ് അല്ലാഹു സ്വയം ഖലീഫമാരെ തയ്യാറാക്കുന്നതാണെന്നു പറയപ്പെടുന്നത്. പിന്നീടു പറയുന്നു: ഇനി അല്ലാഹുവിന്റെ ഹിക്മത്ത് ആഗ്രഹിക്കുമ്പോൾ, ഖലീഫമാർ വല്ല കാര്യവും ചെയ്ത് അതിന്റെ ഫലമായി പ്രത്യക്ഷത്തിൽ മുസ്‌ലിംകളിൽ പ്രഭാവം ഉള്ളവാക്കുന്നെങ്കിൽ അല്ലാഹു സൂക്ഷ്മമായ വസ്തുക്കളിലൂടെ ആ തെറ്റിന്റെ പ്രതിഫലനത്തെ മാറ്റിമറിക്കുന്നതാണ്. അങ്ങനെ ജമാഅത്ത് പരാജയത്തിനു പകരം പുരോഗതിയിലേക്ക് കാൽ വെക്കുന്നതാണ്. എന്നാൽ പ്രവാചകൻമാർക്ക് ഈ രണ്ട് അവസ്ഥകളും ലഭിക്കുന്നു. അതായത്ത് അസ്മത്തെ കുബ്റ, അസ്മത്തെ സുഗ്റ. അവർ നിയമനിർമാണത്തിന്റെയും സംവിധാനത്തിന്റെയും കേന്ദ്രമായിരിക്കും. അതുപോലെ തന്നെ വെളിപാടിന്റെയും പവിത്രതയുടെയും കേന്ദ്രമായിരിക്കും. എന്നാൽ എല്ലാ ഖലീഫാമാരും പരിശുദ്ധ കർമങ്ങളുടെ കേന്ദ്രമായിക്കില്ല എന്നല്ല ഇതിന്റെ വിവക്ഷ. ഒരുപക്ഷേ പരിശുദ്ധ കർമ്മങ്ങളുമായി ബന്ധം വെക്കുന്ന ചില പ്രവൃത്തികൾ, മറ്റ് ഔലിയാക്കളിൽനിന്ന് കുറവായിരിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ചില ഖലീഫമാർ പവിത്രമായ കർമ്മങ്ങളുടെ കേന്ദ്രവും അതുപോലെ സംവിധാനത്തിന്റെ കേന്ദ്രവുമായിരിക്കുന്നത് പോലെ ചില ഖലീഫമാർ മറ്റുള്ളവരെ അപേക്ഷിച്ച് പവിത്രതയിലും ദൈവസാമിപ്യത്തിലും കുറവിലായിരിക്കാം എന്നും വരാം. എന്നാൽ സംവിധാനപരമായ അർഹതയിൽ മറ്റുള്ളവരെക്കാൾ ഉയർന്നതായിരിക്കും. എന്നിരുന്നാലും എല്ലാ വ്യക്തികൾക്കും അദ്ദേഹത്തെ അനുസരിക്കേണ്ടത് നിർബന്ധമാണ്. കാരണം സംവിധാനം ഒരു പരിധിവരെ ജമാഅത്തുപരമായ രാഷ്ട്രീയവുമായി ബന്ധം വെച്ചു പുലർത്തുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇപ്പോൾ ജമാഅത്തുപരമായ രാഷ്ട്രീയം എന്ന് കേട്ട് ആളുകൾക്ക് അത്ഭുതം തോന്നുന്നുണ്ടാവും. ഈ ജമാഅത്തുപരമായ രാഷ്ട്രീയം എന്നാൽ എന്താണ്? നിഘണ്ടുവിൽ അതിന്റെ അർഥം സംവിധാനം നടപ്പാക്കുന്ന രീതിയെന്നാണ്. തിന്മകളെ തടയുന്നതിനായി സംവിധാനം ഒരുക്കുക. ബുദ്ധിയോടും യുക്തിയോടുംകൂടി ജോലി നടപ്പിലാക്കുക. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ശരിയായ രീതിയിൽ നടപ്പിൽ വരുത്തുന്നതിനായി പ്രാപ്തി നേടുക. അതാണ് യഥാർഥ രാഷ്ട്രീയം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഈ പദം തനതായ രീതിയിലാണ് ഉപയോഗിച്ചിരിക്കുന്നത്. പറയുന്നു: അതുകൊണ്ട് സംവിധാനത്തിന് ഒരു പരിധിവരെ ജമാഅത്തുപരമായ രാഷ്ട്രീയവുമായി ബന്ധമുണ്ട്. ഖലീഫമാരെ സംബന്ധിച്ച് പ്രബലമായ ഈ വശമാണ് മുന്നിൽ വയ്ക്കേണ്ടത്. അതായത് അവർ സംവിധാനപരമായ വശത്തെ മികവുറ്റതാക്കി വെക്കുന്നവരും അതോടൊപ്പം ദീനിന്റെ പ്രബലതയും അതിന്റെ യാഥാർഥ്യവും മുന്നിൽ വെക്കുന്നവരുമായിരിക്കണം. അതിനാൽ അല്ലാഹു വിശുദ്ധ ഖുർആനിൽ ഖിലാഫത്തിനെ കുറിച്ച് പറഞ്ഞ സ്ഥലത്ത് ഇതുകൂടി പറഞ്ഞിരിക്കുന്നു. وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ അല്ലാഹു അവരുടെ ദീനിന് പ്രബലത നല്കുന്നതാണ്. അവരെ ലോകത്ത് വിജയിപ്പിക്കുന്നതാണ്. അതുകൊണ്ട് ഏതൊരു ദീനാണ് ഖലീഫമാർ സമർപ്പിക്കുന്നത്, അത് അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. എന്നാൽ ഈ സംരക്ഷണം സുഗ്റ ആയിരിക്കുന്നതാണ്. അവിടുന്ന് പറയുന്നു: നിസ്സാര കാര്യങ്ങളിൽ അദ്ദേഹത്തിന് തെറ്റു സംഭവിക്കാം. ഖലീഫമാർക്ക് പരസ്പരവും അഭിപ്രായ ഭിന്നതയും ഉണ്ടാകാം. എന്നാൽ അത് വളരെ നിസ്സാരകാര്യങ്ങളായിരിക്കും. അടിസ്ഥാനകാര്യങ്ങളിൽ ഒരിക്കലും ഭിന്നാഭിപ്രായം ഉണ്ടാകുകയില്ല. അതുകൊണ്ട് ഏതെങ്കിലും ഒരു വ്യക്തി ബൈഅത്ത് ചെയ്യാതെ ബൈഅത്ത് ചെയ്തവർ കരസ്ഥമാക്കുന്ന സ്ഥലത്ത് എത്തി ചേരുന്നതാണെന്ന് ആരെങ്കിലും പറയുന്നതായാൽ, അതിൽനിന്ന് വ്യക്തമാകുന്നത് അയാൾ ബൈഅത്തും സംവിധാനവും മനസിലാക്കിയില്ല എന്നാണ്. എന്നാൽ ഈ കൂടിയാലോചനയെ സംബന്ധിച്ച് ഓർക്കേണ്ടത്, ഒരു വിദഗ്ദനിൽ നിന്നോ പരിചയ സമ്പന്നനിൽ നിന്നോ അഭിപ്രായം തേടാവുന്നതാണ്. അത് അന്യമതസ്ഥനായാലും ശരി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഒരു കേസ് ഒരു ഇംഗ്ലീഷുകാരനായ വക്കീൽ വാദിക്കുകയുണ്ടായി. അതിനർഥം അവിടുന്ന് തന്റെ നുബുവ്വത്തിന്റെ ദൗത്യ നിർവഹണത്തിനായി അയാളിൽ നിന്ന് അഭിപ്രായം തേടിയെന്നല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് തന്റെ അവസ്ഥ വിവരിക്കുന്നു: ഞാൻ രോഗിയായിരുന്നു. ഒരു ഇംഗ്ലീഷ് ഡോക്ടറിൽനിന്ന് അഭിപ്രായം തേടി. എന്നാൽ അതിനർഥം ഖിലാഫത്തിന്റെ കാര്യത്തിലും അയാളിൽനിന്ന് അഭിപ്രായം തേടി എന്നല്ല. അല്ലെങ്കിൽ അഭിപ്രായം തേടി കൊണ്ടിരിക്കുമെന്നല്ല. അല്ലെങ്കിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിമാരുടെ സ്ഥാനത്ത് അയാളെ കാണുന്നുവെന്നല്ല. ഇനി സഅദ് ബിൻ ഉബാദയിൽ നിന്ന് വല്ല ഭൗതിക കാര്യങ്ങളിലും

വിദഗ്ദ്ധനായതിനാൽ അഭിപ്രായം തേടിയിരുന്നുവെന്നു സ്ഥാപിതമായാൽതന്നെയും അദ്ദേഹം എല്ലാ കൂടിക്കാഴ്ചയിലും പങ്കെടുത്തുവെന്ന് അനുമാനിക്കാനും സാധിക്കില്ല. അതുപോലെ ഇതിനെ സംബന്ധിച്ച് സഹീഹായ യാതൊരു നിവേദനവും അദ്ദേഹം കൂടിക്കാഴ്ചകളിൽ പങ്കെടുത്തിരുന്നുവെന്നു വിവരിക്കുന്നതും ലഭിക്കുന്നില്ല. മറിച്ച് അദ്ദേഹം മദീനയെ ഉപേക്ഷിച്ചു സിറിയയിലേക്ക് പാലായനം ചെയ്തു. അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് സഹാബിമാർ പറയുന്നത്, അദ്ദേഹത്തെ മലക്കുകളോ ജിന്നുകളോ വധിച്ചിരിക്കുന്നുവെന്നാണ്. അവരുടെ വീക്ഷണത്തിൽ അദ്ദേഹത്തിന്റെ വഫാത്ത് അല്ലാഹു തന്റെ പ്രത്യേകമായ കർമ്മത്തിലൂടെ അദ്ദേഹത്തിന് ഭാഗ്യദോഷം ഉണ്ടാകാത്തവിധം നടത്തിയെന്നാണ്. കാരണം അദ്ദേഹം ബദരി സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ആ സ്ഥാനം ഇകഴ്ത്തപ്പെടുംവിധം അദ്ദേഹത്തിൽനിന്ന് കൂടുതൽ പ്രവൃത്തികൾ ഉണ്ടാക്കാതിരിക്കുന്നതിനായി. എന്തുതന്നെ ആയിരുന്നാലും അദ്ദേഹംഎല്ലാവരെയും വിട്ടു പോകുകയുണ്ടായി.

ഈ നിവേദനങ്ങൾ പറയുന്നത്, സഹാബാക്കൾ ഇദ്ദേഹത്തിൽ തൃപ്തരായിരുന്നില്ല. അല്ലെങ്കിൽ എന്തുകൊണ്ട് അവർ ഇദ്ദേഹത്തെ മലക്കുകളോ ജിന്നുകളോ വധിച്ചുവെന്നു പറയണം. എന്നാൽ ഖിലാഫത്തിനോട് ബൈഅത്ത് ചെയ്യാത്ത മനുഷ്യൻ ഇസ്‌ലാമിക വ്യവസ്ഥിതിയിൽ തന്റെ സ്ഥാനം നിലനിർത്തി പോരാമെന്ന ചിന്താഗതി, സംഭവങ്ങൾക്കും ഇസ്‌ലാമിക അധ്യാപനങ്ങൾക്കും തികച്ചും വിരുദ്ധമാണ്. ഇവ്വിധ ചിന്താഗതികൾ മനസ്സിൽ കുടിയിരുത്തുന്ന വ്യക്തി, ബൈഅത്തിന്റെ യാഥാർഥ്യംഒട്ടും മനസ്സിലാക്കിയിട്ടില്ലയെന്നു ഞാൻ അനുമാനിക്കുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ വഫാത്ത്, സിറിയയിലെ ഹൗറാനിൽവെച്ച്, ഹദ്റത്ത് ഉമറിനെ ഖലീഫയായി തിരഞ്ഞെടുത്ത് രണ്ടര വർഷത്തിനുശേഷമാണ് സംഭവിച്ചത്. സഅദ് ഇരുന്നു പ്രാഥമിക കർത്തവ്യം നിർവഹിക്കുന്ന സമയത്ത് അദ്ദേഹത്തെ ആരോ വധിക്കുകയുണ്ടായി. അപ്പോൾതന്നെ അദ്ദേഹം വഫാത്തായി. ഹദ്റത്ത് സഅദിന്റെ ഖബർ ഡമാസ്ക്കസിന്റെ സമീപത്ത് ഉള്ള താഴോര പ്രദേശത്തെ ഒരു ഗ്രാമമായ മുനൈഹയിലാണ് സ്ഥിതി ചെയ്യുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ രണ്ട് വഫാത്തായവരെ കുറിച്ച് പരാമർശിക്കുന്നതാണ്. അവരുടെ ജനാസ നമസ്കാരവും നിർവഹിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ആദ്യമായി പറയുന്നത്, ബഹമാന്യ സയ്യിദ് മുഹമ്മദ് സർവർ സാഹിബിനെ കുറിച്ചാണ്. അദ്ദേഹം സദർ അൻജുമൻ അഹ്മദിയ്യാ, ഖാദിയാന്റെ മെമ്പറായിരുന്നു. ജനുവരി 8 ന് തന്റെ 85 ാമത്തെ വയസ്സിൽ വഫാത്തായി. اناللهواناالیہراجعون അദ്ദേഹം ഒഡീശ സംസ്ഥാനത്തിലെ സൂംഗ്ഡ എന്ന സ്ഥലത്തെ പ്രസിദ്ധമായ ഒരു സാത്വിക കുടുംബവുമായി ബന്ധപ്പെട്ട വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രമാതാമഹൻ ഹദ്റത്ത് സയ്യദ് അബ്ദുറഹീം സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി ആയിരുന്നു. മാതാമഹൻ മൗലവി അബ്ദുൽ അലീം സാഹിബ് വളരെ പ്രഗത്ഭനായ പണ്ഡിതനും കവിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള തൗഫീക് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ബഹുമാന്യ ശൗകത്ത് ഗോഹർ സാഹിബയുടെതാണ്. അവർ റബ്‌വയിലെ ഡോക്ടർ ലത്തീഫ് അഹ്മദ് ഖുറൈശിയുടെ ഭാര്യയായിരുന്നു. മൗലാന അബ്ദുൽ മാലിക് ഖാൻ സാഹിബ് മർഹൂമിന്റെ മകളായിരുന്നു. ജനുവരി 5 ന് 77 ാമത്തെ വയസ്സിൽ റബ്‌വയിൽവെച്ച് വഫാത്തായി. اناللهواناالیہراجعون അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. സന്താനങ്ങൾക്കും അവരുടെ മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള തൗഫീക് നല്കുമാറാകട്ടെ. അവർ നന്മയുള്ളവരും സ്വാതികരും ദീനിന്റെ സേവകരുമാകട്ടെ. എപ്പോഴും ഖിലാഫത്തുമായി ബന്ധം വെക്കുന്നവരും ആത്മാർഥത പുലർത്തുന്നവരും ആയിരിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَ كَّرُوْنَ
اُذْكُرُوْا اللّٰهَ يَذْ كُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِ كْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Baitul Futuh, London, UK. – on 17.01.2020

Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516